വർദ്ധിപ്പിച്ച വികലാംഗ പെൻഷൻ നൽകാൻ നടപടി

27 [3469] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് നൽകിവരുന്ന 110 രൂപ വീതമുള്ള പെൻഷൻ 2004-2005 വർഷത്തെ ബജറ്റിൽ 150 രൂപയായി വർദ്ധിപ്പിച്ച് പ്രഖ്യാപനം ഉണ്ടായെങ്കിലും നാളിതുവരെ വർദ്ധിപ്പിച്ച പെൻഷൻ വികലാംഗർക്ക് നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പെൻഷൻ എന്നത്തേയ്ക്ക് നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. വികലാംഗ പെൻഷൻ 110 രൂപയിൽ നിന്ന് 150 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

അംഗൻവാടികളിലെ ഒഴിവുകൾ നികത്താൻ നടപടി

28 [3471] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

അംഗൻവാടികളിലെ ഒഴിവുകൾ

29 [3472] *ശ്രീ. സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളിൽ ഒഴിവുവന്ന സ്ഥാനങ്ങൾ നികത്തുന്നതിന് പട്ടാമ്പി ബ്ലോക്കിലേക്ക് നിശ്ചയിച്ച കമ്മിറ്റി ഇതുവരെയും വിളിച്ചുകൂട്ടാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly